# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4218      25/06/2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ആനുകൂല്യ വിതരണത്തിന് 'ഇ-ഗ്രാന്റ്' സംവിധാനം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പ്രൊഫഷണൽ കോളേജുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് മുതലായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014- ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലഭിച്ച ക്ലെയിമുകൾ പൂർണ്ണമായി വിതരണം നടത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ കുടിശ്ശിക 04/06/2014 ന് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | 'ഇ-ഗ്രാന്റ്' സംവിധാനം നിലിവിൽ വന്നതിന് ശേഷം ആനുകൂല്യങ്ങൽ ലഭിയ്ക്കുന്നതിൽ കാലതാമസം വരുന്നുവെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഇ-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിൽ പ്രാവീണ്യം കുറഞ്ഞ ഉദ്യോഗസ്ഥർക്ക് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജില്ലാ അടിസ്ഥാനത്തിൽ പരിശീലനം നൽകിവരുന്നു. |
| (സി) | 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടോയെന്ന് വിശദമാക്കുമോ ? | (സി) | 2013-14 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,37,250 വിദ്യാർത്ഥികളുടെ അപേക്ഷ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് ലഭിക്കുകയുണ്ടായി. ഇതിൽ 1,33,118 വിദ്യാർത്ഥികൾക്ക് 180,76,17,814/- രൂപയുള്ള അനുമതി ഉത്തരവ് നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 04/06/2014 വരെ ലഭിച്ച എല്ലാ ക്ലെയിമുകൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം 2013-14 സാമ്പത്തികവർഷം കുടിശ്ശിക ഉൾപ്പെടെ 220 കോടി രൂപ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 30 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

Seena
സെക്ഷൻ ഓഫീസർ